(ഡി) പോലീസ് സ്റ്റേഷന് പുറത്തുവച്ച് പോലീസ് കസ്റ്റഡിയിൽ നിന്ന് പ്രതികളെ മോചിപ്പിച്ച് കൊണ്ടുപോയ സംഭവത്തോടനുബന്ധിച്ച് രജിസ്റ്റർ ചെയ്ത കേസുകളിൽ 13 കേസുകളിലെ പ്രതികൾ എൽ.ഡി.എഫ്. കോൺഗ്രസ് (ഐ), സി.പി.എം., ബി.ജെ.പി., മുസ്ലീം ലീഗ് എന്നീ രാഷ്ട്രീയ കക്ഷികളിലെ അംഗങ്ങളോ അനുഭാവികളോ ആണ്.

ചന്ദനമരങ്ങൾ മോഷണം നടത്തിയ സംഭവങ്ങൾ

83 (83) ശ്രീ. എ. അലിഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വർക്കല നിയോജകമണ്ഡലത്തിൽപ്പെട്ട നടയറ ജമാഅത്ത് പള്ളി കോമ്പൗണ്ടിൽ നട്ടുവളർത്തിയിരുന്ന ചന്ദനമരങ്ങൾ തുടർച്ചയായി രാത്രി കാലങ്ങളിൽ മോഷ്ടാക്കൾ മുറിച്ചുകൊണ്ടു പോകുന്നതായി സർക്കാരിനു വിവരം ലഭിച്ചിട്ടുണ്ടോ ;

(ബി) ഇതു സംബന്ധിച്ച് വർക്കല പോലീസിനും ഉന്നത പോലീസ് ഉദ്യോഗസ്ഥൻമാർക്കും ജമാഅത്ത് ഭാരവാഹികൾ നിരവധി പരാതികൾ സമർപ്പിച്ച വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്നും മോഷ്ടാക്കളെ അറസ്റ്റുചെയ്തിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ ;

(സി) ലക്ഷക്കണക്കിന് രൂപ വിലപിടിപ്പുള്ള മരങ്ങളാണ് മോഷ്ടിക്കപ്പെട്ടിട്ടുള്ളത് എന്നതിനാൽ മോഷ്ടാക്കളെ കണ്ടുപിടിച്ച് മാതൃകാപരമായി ശിക്ഷിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇത് സംബന്ധിച്ച് ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ വർക്കല സ്റ്റേഷനിൽ ക്രൈം നം. 38/2000 യു/എസ് 379 ഐ.പി.സി പ്രകാരം കേസ് രജിസ്റ്റർ ചെയ്തു അന്വേഷണം നടത്തി വരുന്നു. പ്രതികൾ ആരെന്നു വെളിവായിട്ടില്ലാത്തതിനാൽ അറസ്റ്റു ചെയ്തിട്ടില്ല.

(സി) പ്രതികളെ അറസ്റ്റു ചെയ്യുന്നതിന് ഊർജ്ജിതമായ അന്വേഷണം തുടർന്നു വരുന്നു.

ബസ് ചാർജ്ജ് വർദ്ധിക്കുന്നതിനെതിരെ സമരം ചെയ്ത വിദ്യാർത്ഥികൾക്കെതിരെ ലാത്തിച്ചാർജ്ജ്

84 (84) ശ്രീ. ഇ. എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ബസ്സ് ചാർജ്ജ് വർദ്ധനവിനെതിരെ സമരം ചെയ്ത കെ.എസ്.യു. (ഐ) നേതാക്കളെ മർദ്ദിച്ച സംഭവം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ സംഭവത്തിൽ കുറ്റക്കാർ ഏതെല്ലാം പോലീസ് ഉദ്യോഗസ്ഥരാണെന്ന് അറിയിക്കുമോ ; ഈവർക്കെതിരെ എന്തെല്ലാം നടപടികളെടുത്തിട്ടുണ്ട് ;

(സി) പോലീസ് മർദ്ദനത്തിൽ പരിക്കേറ്റ കെ.എസ്.യു.(ഐ) നേതാക്കൾക്ക് നഷ്ടപരിഹാരം നൽകിയോ ; ഇല്ലെങ്കിൽ കാരണമെന്ത് എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ-സി) 1999 ഒക്ടോബർ 26-ന് അക്രമാസക്തരായി പോലീസിന് നേരെയും സർക്കാർ വാഹനങ്ങൾക്ക് നേരെയും കല്ലേറു നടത്തിയതിനെ തുടർന്ന് ഒരു സംഘം കെ.എസ്.യു. പ്രവർത്തകരെ പോലീസ് വിരട്ടി ഓടിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

പാനൂർ ഹയർസെക്കന്ററി സ്കൂളിൽ 1998 ജൂൺ മാസത്തിലുണ്ടായ ബോംബ് സ്ഫോടനത്തിന്റെ കാരണം

85 (85) ശ്രീ. കെ. സി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ പാനൂർ ഹയർസെക്കന്ററി സ്കൂളിന്റെ ഓഫീസ് മുറിയിൽ 1998 ജൂൺ മാസത്തിലുണ്ടായ ബോംബ് സ്ഫോടനത്തിന്റെ കാരണം എന്താണെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇക്കാര്യത്തിൽ നടന്ന അന്വേഷണത്തിന്റെ നിഗമനങ്ങൾ എന്തെല്ലാമാണ് ;

(സി) ഇതിനെ തുടർന്ന് രജിസ്റ്റർ ചെയ്ത കേസ്സിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണ് ; കേസ് ചാർജ്ജ് ചെയ്തിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം എന്താണ് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ബോംബ് സ്ഫോടനത്തിന്റെ കാരണം അന്വേഷണത്തിൽ വെളിവായിട്ടില്ല.

(ബി&സി) പാനൂർ സ്കൂളിൽ ബോംബു പൊട്ടിയ സംഭവത്തിന് പാനൂർ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 148/98 ആയി രജിസ്റ്റർ ചെയ്ത് കേസ് അന്വേഷണം പൂർത്തിയാക്കി തെളിയേണ്ട പട്ടികയിൽ ചേർത്ത് തീർച്ച റിപ്പോർട്ട് തലശ്ശേരി അഡീഷണൽ ചീഫ് ജൂഡീഷ്യൽ മജിസ്ട്രേറ്റ് കോടതി മുൻപാകെ സമർപ്പിച്ചിട്ടുണ്ട്.

സുൽത്താൻ ബത്തേരി പോലീസ് സ്റ്റേഷൻ അതിർത്തിയിലെ ചീരാൽ പ്രദേശത്തെ അക്രമസംഭവങ്ങൾ

86 (86) ശ്രീ. വർഗ്ഗീസ് വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly